ടി പദ്ധതി രൂപരേഖ 2004 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുതുക്കി സമർപ്പിക്കാൻ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് 19.78 കോടി രൂപയുടെ പുതുക്കിയ രൂപരേഖ 275/B2/04 F&P.D എം. പി. നമ്പർ 2.11.2005-ലും പദ്ധതി സംബന്ധിച്ച അധികവിവരം 17.2.2006-ലും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കായി സംസ്ഥാന ബജറ്റിൽ ഈ കഴിഞ്ഞ നാലഞ്ച് വർഷങ്ങളായി തുക വകകൊള്ളിക്കാറുണ്ട്. കേന്ദ്ര ഭരണാനുമതിയും ഫണ്ടും ലഭ്യമായാലുടൻ നിർമ്മാണം ആരംഭിക്കും. ഇതിന്റെ പ്രധാന കാരണം കേന്ദ്ര ഗവൺമെന്റിന് താൽപര്യം തൊട്ടടുത്തുള്ള മാഹി പദ്ധതിയാണ്. ഏതായാലും അവർ അനുമതി കൊടുത്തു പദ്ധതി ആരംഭിച്ചു കഴിഞ്ഞു. എനിക്കു കിട്ടിയ വിവരം ഈ മാസം അവരുടെ കമ്മിറ്റി വീണ്ടും കൂടും. ഈ വർഷം ക്ലിയറൻസ് കിട്ടും. ക്ലിയറൻസ് കിട്ടിയാലുടൻ പണി ആരംഭിക്കാനുള്ള എല്ലാ സംവിധാനങ്ങളും ചെയ്തിട്ടുണ്ട്.

(4) ക്ഷേത്രങ്ങൾക്ക് ചന്ദനക്കാട്ട

ശ്രീ. കെ. എ. ചന്ദ്രൻ: വിശ്വാസി അമ്പലത്തിൽ ചെന്ന് പ്രാർത്ഥിച്ചാൽ അവന് ലഭിക്കേണ്ടത് പ്രസാദമാണ്. ഈ പ്രസാദത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് ചന്ദനമാണ്. ചന്ദനത്തിന് ഇന്ന് നിയന്ത്രണം വന്നതോടുകൂടി ആവശ്യത്തിന് ചന്ദനം പല അമ്പലങ്ങളിലും കിട്ടാതായിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രം, കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഏതാനും ചില അമ്പലങ്ങൾ എന്നിവയ്ക്ക് വനം വകുപ്പിൽ നിന്നും ചന്ദനം നൽകുന്നു എന്നതൊഴിച്ചാൽ എച്ച്.ആർ.ആന്റ്.സി.-യുടെ കീഴിലുള്ള ഗ്രാമപ്രദേശങ്ങളിലുള്ള നിരവധി ചെറിയ അമ്പലങ്ങളിൽ ചന്ദനം ലഭിക്കാതിരിക്കുന്നുണ്ട്. അതുകൊണ്ട് എവിടെയോ എങ്ങനെയോ ഉണ്ടാക്കിയ കൃത്രിമ ചന്ദനം അമ്പലങ്ങളിൽ കൊണ്ടുവന്ന് കൊടുക്കുന്ന സ്ഥിതിയുണ്ട്. ഇത് മാറ്റി യഥാവിധി വിശ്വാസികൾക്ക് നൽകത്തക്കവണ്ണം ചന്ദനം ലഭ്യമാക്കാൻ വനം വകുപ്പ് വേണ്ട നടപടി എടുക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

പരിസ്ഥിതി വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ): സർ, നേരത്തെ ഗവൺമെന്റ് പുറപ്പെടുവിച്ച രണ്ട് ഓർഡറുകൾ അനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന് 7 ടണ്ണും കൊച്ചിൻ ദേവസ്വം ബോർഡിന് 3.5 ടണ്ണും എച്ച്.ആർ. ആന്റ് സി.ഇ. കമ്മീഷണർ, കോഴിക്കോടിന് 3.5 ടണ്ണും ഗുരുവായൂർ ദേവസ്വം ബോർഡിന് 5 ടണ്ണും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് ഒരു ടണ്ണും ചന്ദനം എല്ലാ വർഷവും നൽകിവരുന്നുണ്ട്. ഇതിന് 2.5 ശതമാനം സെൻട്രേജ് ഫീസും ചുമത്തുന്നുണ്ട്. മറയൂർ ഡിപ്പോയിൽ നിന്നുള്ള ലഭ്യതയനുസരിച്ചാണ് ക്ഷേത്രങ്ങൾക്ക് ചന്ദനം നൽകുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം, ചെറുകിട ക്ഷേത്രങ്ങൾക്ക് ലഭിക്കുന്നില്ല എന്നുള്ളതാണ്. പക്ഷേ സർക്കാരിന് ലഭിച്ച അപേക്ഷകളിൽ നോംസ് അനുസരിച്ച് എല്ലാ അപേക്ഷകർക്കും നൽകി കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാര്യത്തെ സംബന്ധിച്ചിടത്തോളം ചെറുകിട ക്ഷേത്ര

11.00 a.m.]

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് ചന്ദനം ലഭ്യമാക്കുന്നതിന് ആവശ്യമായിട്ടുള്ള നോംസ് ആവിഷ്ക്കരിച്ച് അവർക്ക് നൽകാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. പക്ഷേ ചന്ദനത്തിന്റെ ലഭ്യതയനുസരിച്ചായിരിക്കും ഇത് നൽകാൻ വേണ്ടി സാധിക്കുക. അതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(5) വർക്കല ശ്രീജനാർദ്ദനസ്വാമി ക്ഷേത്രത്തിലും പാപനാശത്തും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ. വർക്കല കഹാർ: പുരാതന കാലം മുതൽ പ്രസിദ്ധമായ വർക്കല ശ്രീജനാർദ്ദനസ്വാമി ക്ഷേത്രം ദക്ഷിണകാശി എന്നാണ് അറിയപ്പെടുന്നത്. ഇൻഡ്യക്ക് അകത്തും പുറത്തുമുള്ള ലക്ഷക്കണക്കിന് വരുന്ന തീർത്ഥാടകരാണ്, പിൽഗ്രിം ടൂറിസ്റ്റുകളാണ് ഇവിടെ എത്തിച്ചേരുന്നത്. അതുപോലെതന്നെ പിതൃബലി തർപ്പണത്തിന് കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ കേന്ദ്രമാണ് പാപനാശം. രാജ്യത്തിന് അകത്തും പുറത്തും നിന്നുള്ള പിൽഗ്രിം ടൂറിസ്റ്റുകൾ എത്തുന്ന ഈ പ്രദേശത്തിന്റെ വികസനം വർക്കലയുടെ മാത്രം കാര്യമല്ല. പുണ്യസ്ഥലങ്ങളുടെ വികസനവും ഈ പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കലും രാജ്യത്തിന് മുഴുവൻ ആവശ്യമാണ്. ഇതിന് മുന്തിയ പരിഗണന നൽകാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, വർക്കല ശ്രീജനാർദ്ദനസ്വാമി ക്ഷേത്രത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ക്ഷേത്രപരിസരത്ത് 30.48 ലക്ഷം രൂപ ചെലവിൽ Pilgrim Facilitation Centre നിർമ്മിക്കുന്നതിന് കേന്ദ്ര ടൂറിസം വകുപ്പിന്റെ അംഗീകാരം നേടിക്കഴിഞ്ഞു. വിശദമായ പ്രോജക്റ്റ് തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഒരു മാസത്തിനകം ആരംഭിക്കത്തക്കവണ്ണം എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽത്തന്നെ യോഗം കൂടി തീരുമാനമെടുത്ത് നടപടി സ്വീകരിച്ചുവരുന്നു. അതുപോലെ ഒന്നര ക്കോടി രൂപ ചെലവിൽ പാപനാശം മുതൽ വെറ്റിക്കൊട വരെയുള്ള തീരദേശ നടപ്പാതയുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. പാപനാശം ബീച്ചിൽ ഹൈ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച് വർക്കല മുനിസിപ്പാലിറ്റിയെ നടത്തിപ്പിന്റെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ പാപനാശത്തിൽ ബലിതർപ്പണത്തിനായി എത്തിച്ചേരുന്ന തീർത്ഥാടകർക്ക് ആവശ്യമായ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ബീച്ച് സൗന്ദര്യവൽക്കരണത്തിനുമാവശ്യമായ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. എം.എൽ.എ.യുടെ നിർദ്ദേശപ്രകാരം തന്നെ ശ്രീജനാർദ്ദനസ്വാമി ക്ഷേത്രത്തിലും വർക്കല പാപനാശം ബീച്ചിലും അതുപോലെ ശിവഗിരിയിലും 50 ലക്ഷം രൂപ ചെലവഴിച്ച് ഒരു ഫെസിലിറ്റേഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly